## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റ്മാരെ സ്ഥലംമാറ്റിയും ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ- സി 2/7149/2016/കോ.വി.വ** **തീയതി - 06/10/2016**

---

പരാമർശം: 1. 24/09/2016 തീയതിയിലെ സി2/17124/2016/കോ.വി.വ നം.ഉത്തരവ്.

2. 27/08/2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.1090/2016/തൊഴിൽ

3. 08/09/2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.5840/2016/ജി.എ.ഡി

## ഉത്തരവ്

ഉദുമ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ ഹെഡ് അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.എസ്.ദിനേഷയ്ക്കു പരാമർശം (1) ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. മലപ്പുറം ഗവൺമെന്റ് കോളേജിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ.ടി.എസ്.ഹരികുമാർ പരാമർശം (2) പ്രകാരം കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്ര സേവനത്തിൽ പ്രവേശിക്കുന്നതിനായി 22/09/2016.എ.എൻ - ൽ മലപ്പുറം ഗവൺമെന്റ് കോളേജിൽ നിന്നും വിടുതൽ വാങ്ങിയിട്ടുണ്ട്. തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി.മിത്ര.എൻ.ആർ പരാമർശം (3) പ്രകാരം ന്യൂനക്ഷേമ വകുപ്പിൽ അന്യത്ര സേവനത്തിൽ പ്രവേശിക്കുന്നതിനായി 08/09/2016 എ.എൻ - ൽ തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ 3 ഒഴിവുകൾ നിലവിലുണ്ട്.

മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന ഹെഡ് അക്കൗണ്ടന്റ്മാരുടെ അപേക്ഷകൾ പരിഗണിച്ച് താഴെപട്ടികയിൽ പറയുംപ്രകാരം ഹെഡ് അക്കൗണ്ടന്റ്മാരെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ. നം. | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ.കെ.എം.സതീഷ് കുമാർ<br>ഗവൺമെന്റ് കോളേജ്, പെരിങ്ങോം | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, ഉദുമ |
| 2. | ശ്രീ.അനൂപ്.എം.എ<br>ഗവൺമെന്റ് കോളേജ്, പത്തിരിപ്പാല. | ഗവൺമെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ |
| 3. | ശ്രീ.നിഖിൽ ശർമ്മ,<br>ഗവൺമെന്റ് കോളേജ്, തവനൂർ | ഗവൺമെന്റ് കോളേജ്, പെരിങ്ങോം. |



9477716 GOVERNMENT OF KERALA 2015 -16

മേൽ സൂചിപ്പിച്ച പ്രകാരം ഹെഡ് അക്കൗണ്ടന്റുമാരെ സ്ഥലം മാറ്റി നിയമിക്കുന്ന സാഹചര്യങ്ങളിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഓരോ ഒഴിവുകൾ നിലവിലുണ്ടാകും.

ഗവൺമെന്റ് കോളേജ്, തവനൂർ,

ഗവൺമെന്റ് കോളേജ്, മലപ്പുറം,

ഗവൺമെന്റ് കോളേജ്, പത്തിരിപ്പാല

ഈ ഒഴിവുകളിലേയ്ക്കു സീനിയർ ക്ലാർക്കുമാരുടെ മുൻഗണനപട്ടിക അനുസരിച്ച് ചുവടെപറയും പ്രകാരം സീനിയർ ക്ലാർക്കുമാരെ 27800-59400/- രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നല്കി ഉത്തരവാകുന്നു.

| ക്രമ. നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ. വിജേഷ്.പി<br>പി.ടി.എം. ഗവൺമെന്റ് കോളേജ്,<br>പെരിന്തൽമണ്ണ | ഗവൺമെന്റ് കോളേജ്, മലപ്പുറം<br>(ശ്രീ.ടി.എസ്.ഹരികുമാർ അന്യത്ര സേവനത്തിൽ പ്രവേശിച്ച ഒഴിവ്) |
| 2. | ശ്രീ.ബിനുകുമാർ.എൻ<br>കെ.എൻ.എം.ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കാഞ്ഞിരംകുളം | ഗവൺമെന്റ് കോളേജ്, തവനൂർ<br>(ശ്രീ.നിഖിൽ ശർമ്മയെ സ്ഥലം മാറ്റിയ ഒഴിവ്) |
| 3. | ശ്രീമതി.മിനി ജോസ്<br>ടി.എം.ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന്) | ഗവൺമെന്റ് കോളേജ്, പത്തിരിപ്പാല<br>(ശ്രീ.അനൂപ്.എം.എ - യെ സ്ഥലംമാറ്റിയ ഒഴിവ്) |

സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി നിയമനം ലഭിച്ച സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും സ്ഥാപന മേധാവികൾ വിവരം യഥാസമയം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.collegiate edu.kerala.gov.in** - ൽ ലഭ്യമാണ്.

(ഒപ്പ്)
റ്റി.വി.കൃഷ്ണകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്-

1. ബന്ധപ്പെട്ട ജീവനക്കാർക്ക്
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3. കരുതൽ ഫയൽ/നടപ്പുഫയൽ

എസ്.ഒ 08/10/2016

//അംഗീകാരത്തോടെ//

സൂപ്രണ്ട്



GOVERNMENT OF KERALA 2015 - 16